LIBRARY ARCHIVES Kerala Legislative Assembly

വിനോദ സഞ്ചാര വികസന സഹകരണ സംഘത്തിലെ പണാപഹരണം

61 [3443] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ വിനോദ സഞ്ചാര വികസന സഹകരണ സംഘത്തിലെ പണാപഹരണം സംബന്ധിച്ച അന്വേഷണം പൂർത്തിയായോ;

(ബി) എങ്കിൽ പ്രതികൾ ആരൊക്കെ ആണെന്നും അവരുടെ രാഷ്ട്രീയ ബന്ധമെന്താണെന്നും വ്യക്തമാക്കാമോ;

(സി) അന്വേഷണം പൂർത്തിയായില്ലെങ്കിൽ എന്തുകൊണ്ട് പൂർത്തിയാക്കാൻ കഴിയാത്തതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) കോട്ടയം ജില്ലാ വിനോദ സഞ്ചാര വികസന സഹകരണ സംഘത്തിന് എതിരായി പണാപഹരണമോ മറ്റു വിധത്തിലുള്ള കേസുകളോ എടുത്തിട്ടില്ല.

(ബി & സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പയ്യാവൂർ പോലീസ് സ്റ്റേഷൻ കെട്ടിടം, കണ്ണൂർ ജില്ലയിലെ ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണം

62 [3444] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പയ്യാവൂർ പോലീസ് സ്റ്റേഷൻ ചോർന്ന് ഒലിക്കുന്ന വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പയ്യാവൂർ പോലീസ് സ്റ്റേഷനു വേണ്ടി സ്ഥലം അക്വയർ ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പോലീസ് നവീകരണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് പുതിയതായി കെട്ടിടങ്ങളും സ്റ്റാഫ് ക്വാർട്ടേഴ്സും പണിയാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) പോലീസ് നവീകരണ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പുതിയതായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെയും സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെയും വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.